## പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ഉത്തരവ്

**(ഹാജർ : ശ്രീ. അനിൽ ജി)**

വിഷയം : പി.വി.വി. - എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2018-19 ബാങ്കിംഗ്/ ഗേറ്റ്/മാറ്റ്/യു. ജി.സി/സിവിൽ സർവ്വീസ് വിഭാഗങ്ങളിലെ ഗുണഭോക്താക്കളുടെ കരട് പട്ടിക തയ്യാറാക്കി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1) പിവിവിവ ഡയറക്ടറുടെ 31/08/2018 ലെ നമ്പർ **BCDD/A3/1237/2018** 31.08.18, 16.01.19 തീയതികളിലെ വിജ്ഞാപനം

2) സ.ഉ (സാധാ) നമ്പർ 65/2018 പി.വി.വി.വ തീയതി 14.06.2018

3) സ.ഉ (സാധാ) നമ്പർ 114/2018 പി.വി.വി.വ തീയതി 28.11.2018

4) പിന്നാക്ക വിഭാഗ വകുപ്പ് ഡയറക്ടറുടെ 05.02.19 ലെ **BCDD/A3/1237/2018** നമ്പർ കത്ത്

================================================================

**DDEKM/A1/3041/2018** തീയതി 23.02.2019

================================================================

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മത്സര പരീക്ഷാ പരിശീലന ധനസഹായ പദ്ധതിയായ ''എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന്'' അപേക്ഷ ക്ഷണിച്ചു കൊണ്ട് പരാമർശം 1 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുകയിൽ മെഡിക്കൽ/ എൻജിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് 432.5 ലക്ഷം രൂപ, ബാങ്കിങ് പരിശീലനത്തിന് 20 ലക്ഷം രൂപ , സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് 10 ലക്ഷം രൂപ, ഗേറ്റ്/മാറ്റ് പരിശീലനത്തിന് 31.25 ലക്ഷം രൂപ, യു.ജി.സി പരിശീലനത്തിന് 6.25 ലക്ഷം രൂപ എന്നിങ്ങനെ പരിധി നിശ്ചയിച്ചും പദ്ധതിയുടെ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി നൽകുന്നതിന് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയും പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

നിശ്ചിത തിയതിക്കകം എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ ലഭ്യമായ അപേക്ഷകളും അനുബന്ധരേഖകളും സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് വെബ്സൈറ്റിൽ നിന്ന് ഉദ്ധരിച്ചെടുത്ത ലിസ്റ്റിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഉയർന്ന മാർക്ക്, താഴ്ന്ന വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ബാങ്കിംഗ്/ ഗേറ്റ്/മാറ്റ്/യു.ജി.സി/സിവിൽ സർവ്വീസ് എന്നീ വിഭാഗങ്ങളിൽ അർഹരായവരുടെ ആദ്യഘട്ട ഗുണഭോക്തൃ പട്ടികയും ടി വിഭാഗങ്ങളിലെ വെയ്റ്റിംഗ് ലിസ്റ്റും തയ്യാറാക്കി അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം, ആകെ തുക എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| ബാങ്കിംഗ് | 111 | 1988170 |
| ഗേറ്റ്/മാറ്റ് | 127 | 3115000 |

| | | |
|---|---|---|
| യു.ജി.സി | 25 | 608500 |
| സിവിൽ സർവ്വീസ് | 40 | 1000000 |

ഡ്രാഫ്റ്റ് ലിസ്റ്റിന് ശേഷം 27.02.2019 ന് വൈകുന്നേരം 4 മണിക്ക് പ്രസിദ്ധീകരിക്കുന്ന മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അർഹമായ തുക അവരവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ബിൽ ഇൻഫോർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം മുഖേന ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി മേഖല തിരിച്ച് ചെയ്യേണ്ടതാണ്. പ്രസിദ്ധീകരിച്ച താത്ക്കാലിക ലിസ്റ്റിൽ ആക്ഷേപമുള്ളവർ അസ്സൽ രേഖകൾ സഹിതം 26.02.2019 ന് വൈകുന്നേരം 5 മണിക്ക് മുൻപ് വകുപ്പുമായി ബന്ധപ്പെടേണ്ടതാണ്.

23.2.19

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

**അനിൽ. ജി.**
**മേഖലാ ഡെപ്യൂട്ടി ഡയറക്ടർ**
**പിന്നാക്ക വിഭാഗ വികസന വകുപ്പ്**
**സിവിൽ സ്റ്റേഷൻ, കാക്കനാട്**
**എറണാകുളം - 682030**

പകർപ്പ്:

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്- തിരുവനന്തപുരം (ആമുഖകത്ത് സഹിതം)

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ - കോഴിക്കോട്

ഐ.ടി. ഡിവിഷൻ പി.വി.വി.വ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

നോട്ടീസ് ബോർഡ്

കരുതൽ/ അധികം

പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ആഫീസ് എറണാകുളം